# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2834 14.02.2013-ൽ മറുപടിയ്ക്ക്

**പട്ടികജാതിക്കാരുടെ സ്വയംസംരംഭക വ്യവസായ യൂണിറ്റുകൾക്ക് ധനസഹായം**

**ചോദ്യം** **ഉത്തരം**

ശ്രീ. വി. ശശി

ശ്രീ. എ.പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വയം സംരംഭകരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ബഡ്ജറ്റിലെ ഏതെല്ലാം പദ്ധതികൾ പ്രകാരമാണ് ധനസഹായം അനുവദിക്കുന്നതെന്നും അതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | (ബി) | അഭ്യസ്ത വിദ്യരായ പട്ടികജാതി യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ബാങ്കിൽ നിന്നും ലഭ്യമാകുന്ന വായ്പയുടെ 1/3 തുക സബ്സിഡിയായി ബാങ്കിന് അനുവദിക്കുന്ന പദ്ധതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം വ്യക്തികൾക്ക് പരമാവധി ഒരു ലക്ഷം രൂപ വരെയും 5 പേരടങ്ങുന്ന ഗ്രൂപ്പിന് 3.50 ലക്ഷം രൂപ വരെയും സബ്സിഡിയായി നല്കുന്നു. നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം സബ്സിഡി നല്കുന്നതിനുള്ള തുക കോർപ്പസ് ഫണ്ടിൽ നിന്നാണ് കണ്ടെത്തിയിട്ടുള്ളത്. |

Saly K.J
**സെക്ഷൻ ഓഫീസർ**